പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*446 — 15-11-2019-ലെ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആർ. രാജേഷ്<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തുടരെയുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം ഏതെല്ലാം കാർഷിക വിളകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നെല്ല്, വാഴ, പച്ചക്കറി, കുരുമുളക്, കമുക്, തെങ്ങ്, റബ്ബർ, ഇഞ്ചി, മരച്ചീനി, മഞ്ഞൾ, കൊക്കോ, കിഴങ്ങു വർഗ്ഗങ്ങൾ എന്നീ വിളകളെയാണ് കൂടുതലായും ബാധിക്കുന്നത്. കൂടാതെ ഏലം, കശുമാവ്, കൈതച്ചക്ക, ജാതി, വെറ്റില എന്നീ വിളകളെയും ബാധിക്കുന്നുണ്ട്. |
| (ബി) | പ്രകൃതിക്ഷോഭങ്ങളാൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (ബി) | 2019 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും സംസ്ഥാന ഫണ്ടും എസ്.ഡി.ആർ ഫണ്ടും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ 55.60 കോടി രൂപ വിള ഇൻഷ്വറൻസ് പദ്ധതി വഴിയും 4.712 കോടി രൂപ പ്രകൃതിക്ഷോഭം പദ്ധതിയിലും വിതരണം ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ 2018-ലെ പ്രളയത്തിന് 26 കോടിയും വേനൽ മഴ മൂലമുള്ള നാശത്തിന് 15.72 കോടി രൂപയും 2019-ലെ പ്രളയത്തിന് 17.16 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>01/06/2019 മുതൽ വിള നാശം സംഭവിച്ച കർഷകർക്ക് കൃഷി വകുപ്പിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ വിളകൾക്കുള്ള നാശത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഡി.ആർ. ഫണ്ടും, സംസ്ഥാന വിഹിതവും ചേർന്നുള്ള |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകുന്നതിന് കൃഷി ഭവൻ മുഖേന അപേക്ഷ സ്വീകരിച്ച് സ്മാർട്ട് സോഫ്റ്റ് വെയറിൽ ഡാറ്റ എൻട്രി നടത്തി വരുന്നു. ഇത് പൂർത്തീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നതാണ്. |
| **(സി)** | സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും വിള ഇൻഷുറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ടോ; | **(സി)** | സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുവരക്, കുതിരവാലി) എന്നീ വിളകൾക്ക് പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു. |
| **(ഡി)** | എപ്രകാരമെല്ലാമുള്ള നാശനഷ്ടങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **(ഡി)** | വിള ഇൻഷുറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് സംരക്ഷണം നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**